**No. CEE/5454/2018/KEAM-2019/TA1**


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# വിജ്ഞാപനം

## KEAM-2019

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി /അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് ആയുർവേദ/ഹോമിയോ/യൂനാനി/സിദ്ധ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

2019–ലെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിലേക്കും അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിലേക്കും ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിലേക്കുമുള്ള നടപടിക്രമങ്ങൾ **12.07.2019**–ന് ആരംഭിച്ചു.

### എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി / അഗ്രികൾച്ചർ/വെറ്ററിനറി/ ഫോറസ്ട്രി/ ഫിഷറീസ് കോഴ്സുകളിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്:

എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ മൂന്നാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/ കോഴ്സ് എന്നിവയിലേക്ക് ആവശ്യമുള്ള പക്ഷം ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **12.07.2019 മുതൽ 16.07.2019, ഉച്ചയ്ക്ക് 01.00 മണി വരെ** ലഭ്യമാകുന്നതാണ്. **16.07.2019 ഉച്ചയ്ക്ക് 01.00 മണി വരെ ലഭിക്കുന്ന** ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റും അഗ്രികൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഫിഷറീസ് എന്നീ കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റും ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റും **17.07.2019–ന്** വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) **18.07.2019 മുതൽ 20.07.2019, 4.00 മണി** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഹെഡ് പോസ്റ്റ് ഓഫീസ് ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീസ്/ ബാക്കി തുക അടച്ചതിനുശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/ കോളേജിൽ **18.07.2019 മുതൽ 20.07.2019 വൈകുന്നേരം 4.00 മണിക്ക്** മുൻപായി പ്രവേശനം നേടിയിരിക്കേണ്ടതാണ്.

അഗ്രികൾച്ചർ / വെറ്ററിനറി / ഫോറസ്ട്രി / ഫിഷറീസ്/ ആയുർവേദ/ ഹോമിയോ/ യൂനാനി/ സിദ്ധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുളള ഫീസ്/ ബാക്കി തുക **18.07.2019 മുതൽ 22.07.2019, 4.00 മണി** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഫീസ്/ ബാക്കി തുക അടച്ചതിനുശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/ കോളേജിൽ **18.07.2019 മുതൽ 22.07.2019 വൈകുന്നേരം 4.00 മണിക്ക്** മുൻപായി പ്രവേശനം നിർബന്ധമായും നേടേണ്ടതാണ്.

രണ്ടാംഘട്ടത്തിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ അലോട്ട്മെന്റിലൂടെ അഡ്മിഷൻ ലഭിച്ചവരും, അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും മൂന്നാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായി നടത്തേണ്ടതാണ്. കൺഫർമേഷൻ നടത്താത്തവരുടെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി വിഭാഗങ്ങളിലുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുമെന്നതിനാൽ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ മൂന്നാംഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവർക്ക് അലോട്ട്മെന്റിലൂടെ രണ്ടാംഘട്ടത്തിൽ ലഭിച്ച അഡ്മിഷൻ നിലനിൽക്കുന്നതായിരിക്കും. ഒന്നാംഘട്ടത്തിൽ അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ നേടിയവരും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായി നടത്തേണ്ടതാണ്. അല്ലാത്തവരുടെ അഗ്രികൾച്ചർ/വെറ്ററിനറി/ ഫോറസ്ട്രി /ഫിഷറീസ്വിഭാഗങ്ങളിലുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുമെന്നതിനാൽ ഭാവിയിലുണ്ടാകാവുന്ന ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ ഒന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് രണ്ടാംഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ ഒന്നാംഘട്ട അലോട്ട്മെന്റിലൂടെ ലഭിച്ച അഡ്മിഷൻ നിലനിൽക്കുന്നതായിരിക്കും. **മേൽപ്പറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും ഈ ഘട്ടത്തിൽ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല**.

എസ്.സി./ എസ്.റ്റി./ ഒ.ഇ.സി. വിഭാഗക്കാരും ഫീസ് ആനുകൂല്യത്തിന് അർഹരായ മറ്റ് വിഭാഗക്കാരും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നിർബന്ധമായും അഡ്മിഷൻ നേടേണ്ടതാണ്. ഫീസ് ആനുകൂല്യത്തിന് അർഹരായവർ (എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിഭാഗക്കാർ ഉൾപ്പെടെ) ഹയർ ഓപ്ഷനുകൾ പരിഗണിക്കപ്പെടണമെങ്കിൽ നിർബന്ധമായും ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഓപ്ഷൻ കൺഫർമേഷൻ നടത്താത്തപക്ഷം അവരുടെ ഒന്നാംഘട്ടത്തിലുള്ള അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷനും രണ്ടാംഘട്ടത്തിലുള്ള എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷനും നിലനിർത്തുന്നതായിരിക്കും.

## അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **12.07.2019** | എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/അഗ്രികൾച്ചർ/വെറ്ററിനറി/ ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദുചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/ കോഴ്സുകളിലേയ്ക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| **16.07.2019 (ഉച്ചയ്ക്ക് 01.00 മണി)** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **17.07.2019** | അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **18.07.2019–20.07.2019 വൈകിട്ട് 4.00 മണി വരെ** | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുളള ഫീസ്/ ബാക്കി തുക 18.07.2019 മുതൽ 20.07.2019 വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ (ബാധകമെങ്കിൽ) ഒടുക്കേണ്ട താണ്. ഫീസ്/ ബാക്കി തുക അടച്ചതിനുശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ് /കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |

| | |
|---|---|
| **20.07.2019**<br>**വൈകിട്ട് 5.00 മണി വരെ** | എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |
| **18.07.2019–22.07.2019,**<br>**വൈകിട്ട് 4.00 മണി വരെ** | അഗ്രികൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഫിഷറീസ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക **18.07.2019 മുതൽ 22.07.2019 വരെയുള്ള** തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ (ബാധകമെങ്കിൽ) ഒടുക്കേണ്ടതാണ്. ഫീസ്/ ബാക്കി തുക അടച്ചതിനുശേഷം അലോട്ട് മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കാതിരിക്കുകയോ കോളേജുകളിൽ പ്രവേശനം നേടാതിരിക്കുകയോ ചെയ്യുന്നവർക്ക് അവരുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാവുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാവുന്നതല്ല. |
| **22.07.2019 വൈകിട്ട് 5.00 മണി വരെ** | അഗ്രികൾച്ചർ/ വെറ്ററിനറി/ ഫോറസ്ട്രി/ ഫിഷറീസ് കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

## ആയുർവേദ/ ഹോമിയോ/ യൂനാനി/ സിദ്ധ കോഴ്സുകളുടെ അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **12.07.2019** | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷന് വെബ് സൈറ്റ് സജ്ജമാകുന്നു. |
| **16.07.2019**<br>**(ഉച്ചയ്ക്ക് 01.00 മണി)** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനി ക്കുന്നു. |
| **17.07.2019** | അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **18.07.2019–22.07.2019**<br>**വൈകിട്ട് 4.00 മണി വരെ** | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക 18.07.2019 മുതൽ 22.07.2019 വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ (ബാധകമെങ്കിൽ) ഒടുക്കേണ്ട താണ്. ഫീസ്/ ബാക്കി തുക അടച്ചതിനുശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ് /കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| **22.07.2019**<br>**വൈകിട്ട് 5.00 മണി വരെ** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

## List of New Colleges Included in this phase

| | | | |
|---|---|---|---|
| **Govt.Ayurveda medical Colleges** | | | |
| 1 | KNA | Govt.Ayurveda College, Medical College.p.o., Pariyaram, Kannur-670503 | Rs.12,000/- |
| 2 | TPA | Govt.Ayurveda College, Dhanwanthari nagar, Tripunithura, Ernakulam-682301 | Rs.12,000/- |
| 3 | TVA | Govt.Ayurveda College, G.P.O., Thiruvananthapuram | Rs.12,000/- |
| **Aided Ayurveda Medcial Colleges** | | | |
| 1 | KTL | VPSV Ayurveda College, Edaricode.p.o., Kottakkal, Malappuram | Rs.12,000/- |
| 2 | * OLR | Vidyarethnam Aayaurva College, Thaikkattussery.p.o., Ollur, Trissur | Rs.12,000/- |
| **Private Self Financing Ayurveda Medical Colleges [BAMS]** | | | |
| 1 | * AHA | Ahalia Ayurveda Medical College, Elippara, Kozhipara, Palakkad | Rs. 1,99,415/- |
| 2 | AST | Ashtangam Ayurveda Chikithsalayam&Vidhyapeedam, Palakkad | Rs. 1,99,415/- |
| 3 | MAM | Mannam Ayurveda Co-operative Medical College, Pandalam, Pathanamthitta – 689 501 | Rs. 1,99,415/- |
| 4 | PKJ | Pankajakasthuri Ayurveda Medical College, Kattakada P O, Thiruvananthapuram | Rs. 1,99,415/- |
| 5 | PPA | P N Panicker Souhruda Ayurveda Medical College, Parakalai P O, Anandhashram via, Kasargode | Rs. 1,99,415/- |

| | | | |
|---|---|---|---|
| 6 | * SGA | Santhigiri Ayurveda Medical College, Olassery P O, Kodumbu Via, Palakkad – 678 551 | Rs. 1,99,415/- |
| 7 | SNA | Sree Narayana Institute of Ayurvedic Studies & Research, Karimpinpuzha P O, Pangode, Puthur, Kollam | Rs. 1,99,415/- |
| 8 | VSH | Vishnu Ayurveda College, Govt. Press P O, Shornur, Palakkad | Rs. 1,99,415/- |
| 9 | NGL | Nangeli Ayurveda Medical College, Nellikuzhy.p.o.,Kothamangalm, Ernakulam | Rs. 1,99,415/- |
| 10 | * PNNM | PNNM Ayurveda Medical College, Cheruthuthi.p.o.,Shoranoor, Thrissur-679531 | Rs. 1,99,415/- |
| 11 | * PRK | MVR Aurveda Medical College, Parasini Kadavu.P.O, Kannur-670563 | Rs. 1,99,415/- |
| **Government Homoeopathic Medical Colleges [BHMS]** | | | |
| 1 | KKH | Government Homoeopathic Medical College, Karaparamba P O, Kozhikode-10 | Rs. 2,087/- |
| 2 | TVH | Government Homoeopathic Medical College, Iranimuttam, Manacaud P O, Thiruvananthapuram-695009 | Rs. 2,087/- |
| **Aided Homoeopathic Medical Colleges [BHMS]** | | | |
| 1 | EKH | Dr. Padiyar Memorial Homoeopathic Medical College, Chottanikkara P O, Ernakulam | Rs. 2,087/- |
| 2 | KTH | Athurasramam NSS Homoeopathic Medical College, Sachivothamapuram P O, Kottayam | Rs. 2,087/- |
| 3 | NEH | Sreevidhyadhiraja Homoeopathic Medical College, Nemom, Thiruvananthapuram. | Rs. 2,087/- |
| **Self-Financing Sidha medical College** | | | |
| 1 | SGS | Santhigiri Siddha Medical College, Santhigiri.P.O, Pothencode via, Thiruvannthapuram-695584 | Rs. 1,89,000/- |
| **Self-financing Unani Medical college** | | | |
| 1 | MRU | Markaz unani Medical College, Puthupadi.P.O., Kozhikode-673586 | Rs. 1,89,000/- |

*ഈ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് താത്ക്കാലികവും സർക്കാരിന്റേയും ബന്ധപ്പെട്ട യൂണിവേഴ്സിറ്റി യുടെയും ഉത്തരവിന് വിധേയവുമായിരിക്കും.

**ഫീസ്:**

എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ, ഫാർമസി, മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് കോഴ്സ് തിരിച്ച് വെബ്സൈറ്റിൽ ലഭ്യമാണ്. ആയൂർവേദ, സിദ്ധ, യുനാനി കോഴ്സുകൾക്ക് എ.എഫ്.ആർ.സി. നിശ്ചയിക്കുന്ന ഫീസ് നിരക്ക് ബാധകമായിരിക്കും.

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ ടോക്കൺ ഡെപ്പോസിറ്റ് ഒടുക്കേണ്ടതില്ല.

ഗവൺമെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരായിരിക്കും.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ അനുമതിയുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുകയുള്ളൂ.

**മൂന്നാംഘട്ട അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ/ഫാർമസി കോളേജുകളിലേയ്ക്കുള്ള അവസാനഅലോട്ട്മെന്റ് ആയിരിക്കും. മൂന്നാംഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ/ഫാർമസി കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകളുടെ ലഭ്യത സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും**

*കുറിപ്പ്:*

*1) അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.*
*2) വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റുകളിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ **15.07.2019**ന് വൈകുന്നേരം 5 മണിക്കു മുൻപായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.*

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
12.07.2019